മലയോര കർഷകർക്ക് പട്ടയം

*(264) ശ്രീ. ടി. കെ. ഹംസ:
,, എം. വി. രാഘവൻ:
,, സി. വാസുദേവമേനോൻ:
,, കോടിയേരി ബാലകൃഷ്ണൻ:
,, കെ. മുസ്സക്കുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1977 ജനുവരി 1-ന് മുൻപ് വനഭൂമിയിൽ കുടിയേറി താമസിക്കുന്ന കുടിയേറ്റ കർഷകർക്ക് 1984-85ൽ വനഭൂമി പതിച്ചു കൊടുത്തുവോ; എങ്കിൽ എത്രപേർക്ക്; മൊത്തം എത്ര ഏക്കർ;

(ബി) ഏതെല്ലാം സ്ഥലങ്ങളിൽ റവന്യൂ-വനംവകുപ്പുദ്യോഗസ്ഥൻമാർ ജോയിൻറ് വെരിഫിക്കേഷൻ നടത്തി;

(സി) മലബാർപ്രദേശത്തെ എത്ര ജില്ലകളിൽ ജോയിൻറ് വെരിഫിക്കേഷൻ നടത്തി; അവ ഏതെല്ലാം?

റവന്യൂവകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്):

(എ) 1977 ജനുവരി 1-ന് മുമ്പ് വനഭൂമിയിൽ കുടിയേറി താമസിക്കുന്ന കുടിയേറ്റ കർഷകർക്ക് 1984-85ൽ വനഭൂമി പതിച്ചു കൊടുത്തിട്ടില്ല. കേന്ദ്രസർക്കാരിന്റെ പ്രത്യേക അനുമതി കിട്ടിയാലേ പട്ടയം നൽകാനാവുകയുള്ളു.

(ബി) റവന്യൂ-വനംവകുപ്പുദ്യോഗസ്ഥൻമാർ ജോയിൻറ് വെരിഫിക്കേഷൻ നടത്തിയ സ്ഥലങ്ങളുടെ വിവരം താഴെ കൊടുക്കുന്നു:

ജില്ല	താലൂക്ക്	ഫോറസ്റ്റ് റെയ്ഞ്ച്
തിരുവനന്തപുരം	നെടുമങ്ങാട്	പാലോട് പരുത്തിപ്പള്ളി
കൊല്ലം	പത്തനാപുരം	ആര്യൻകാവ് പത്തനാപുരം തെൻമല മന്നാരപ്പാറ അഞ്ചൽ കുളത്തൂപ്പുഴ
പത്തനംതിട്ട	കോഴഞ്ചേരി	കോന്നി നടുവത്തുമൂഴി
	റാന്നി	വടശ്ശേരിക്കര ഗൂഡ്രിക്കൽ
ഇടുക്കി	തൊടുപുഴ	മുള്ളരിങ്ങാട് തൊടുപുഴ നഗരംപാറ

LIBRARY ARCHIVES Kerala Legislative Assembly

ജില്ല	താലൂക്ക്	ഫോറസ്റ്റ് റെയ്ഞ്ച്
	ദേവികുളം	അടിമാലി
		കുട്ടംപുഴ
		തുണ്ടത്തിൽ
	പീരുമേട്	എരുമേലി
		അയ്യപ്പൻകോവിൽ (ഒരു ഭാഗം)
എറണാകുളം	കുന്നത്തുനാട്	തുണ്ടത്തിൽ
		കായൽത്തറ
	കോതമംഗലം	നേരിയമംഗലം
		കോതമംഗലം
		മുള്ളരിങ്ങാട്
		കാളിയൂർ (മാവും തൊട്ടി)
	ആലുവാ	കാലടി
തൃശൂർ	തൃശ്ശൂർ	പീച്ചി
		പട്ടിക്കാട്
	തലപ്പിള്ളി	വടക്കാഞ്ചേരി
		മച്ചാട്
	മുകുന്ദപുരം	വെള്ളികുളങ്ങര
		പരിയാരം
		പാലപ്പിള്ളി
വയനാട്	വൈത്തിരി	കല്പറ
	മാനന്തവാടി	ബേഗൂർ
		മാനന്തവാടി
	സുൽത്താൻ ബത്തേരി	സുൽത്താൻ ബത്തേരി
		ചെതലയം

(സി) മലബർ പ്രദേശത്തെ വയനാട് ജില്ലയിൽ ബേഗൂർ, മാനന്തവാടി, സുൽത്താൻബത്തേരി, ചെതലയം, കല്പറ എന്നീ റെയിഞ്ചുകളിൽ ജോയിന്റ് വെരിഫിക്കേഷൻ നടത്തി. പാലക്കാട് ജില്ലയിലെ നിക്ഷിപ്ത വനഭൂമിയിൽ വെരിഫിക്കേഷൻ നടത്തിയിട്ടുണ്ട്.

പുതിയ ഭവനനിർമ്മാണ പദ്ധതികൾ

*(265) ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ:
,, എ. വി. അബ്ദുറഹിമാൻ ഹാജി:
,, നാലകത്ത് സൂപ്പി:
,, കെ. വി. എ. മജീദ്:
,, പി. കെ. കുഞ്ഞാലിക്കുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1985-86-ൽ ഹൗസിംഗ് ബോർഡ് സംസ്ഥാനത്ത് പുതുതായി ഭവനനിർമ്മാണ പദ്ധതികൾ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly